# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3342 — 25.06.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2010-11 ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശം

| | | |
|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച 2010-11 ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും ആ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ടോ; | ഇല്ല |
| (ബി) | ഏതെല്ലാം വകുപ്പുകൾ, ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ ആ വർഷം നടപ്പിലാക്കുവാൻ അവശേഷിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ; | 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കണ്ണൂർ വിമാനത്താവളം, അതിവേഗ റയിൽ കോറിഡോർ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി തുടങ്ങിയ വൻകിട പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി മാത്രമേ ആ വർഷം ആരംഭിച്ചിട്ടുണ്ടായിരുന്നുള്ളൂ. വിവിധ ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് എക്സൈസ് വകുപ്പിൽ ബിവറേജസ് കോർപ്പറേഷൻ മുഖേന ഡി അഡിക്ഷൻ സെന്ററുകൾ, പൊതു വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് പ്രിസം വിദ്യാഭ്യാസ പദ്ധതി, കുട്ടികളുടെ സ്പോർട്ട്സ് പാർക്ക് ; കൃഷി വകുപ്പിൽ അടയ്ക്കാ പാക്കേജ്, ഹരിത പേരാവൂർ പദ്ധതി, പൊതുമരാമത്തു വകുപ്പിൽ NH 47 - കരമന- കളിയിക്കാവിള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നത്; ആലപ്പുഴ ബൈപ്പാസിനു സമാന്തര പാത, കോട്ടയം സിറ്റി ഇംപ്രൂവ്മെന്റ് സ്കീം, പാലാ ബൈപാസ് എന്നിവ, നഗരകാര്യ വകുപ്പിൽ ആറ്റുകാൽ ടെമ്പിൾ ടൗൺഷിപ്പ് സ്കീം, വി.എച്ച്.എസ്.സി.യിൽ വി.എച്ച്.എസ്.സി. ഡയറക്ടറേറ്റിന്റെ നവീകരണം , പരീക്ഷാ വിഭാഗത്തിലെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ നവീകരണം, അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറിന്റെ ഓൺലൈൻ വിതരണം, സാമൂഹ്യ ക്ഷേമവകുപ്പിൽ കാരുണ്യ ഡെപ്പോസിറ്റ് സ്കീം, ശിശു ക്ഷേമ സമിതിയ്ക്കുള്ള ധനസഹായം, |

| | | |
|---|---|---|
| | | രജിസ്ട്രേഷൻ വകുപ്പിൽ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളെ ആധാര വാല്യങ്ങളുടെ ബൈൻഡിംഗ്, വകുപ്പ് ആസ്ഥാനത്തെ സൈറ്റ് പ്രിപ്പറേഷനുമായി ബന്ധപ്പെട്ട ജോലികൾ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുവകുപ്പിൽ നിലവിലുള്ള ഒൻപതു മേഖല മീറ്റർ ടെസ്റ്റിംഗ് ലാബുകൾ എൻ.എ.ബി.എൽ. നിലവാരത്തിൽ ഉയർത്തൽ മുതലായവയാണ് ആ വർഷം നടപ്പിലാക്കുവാൻ അവശേഷിച്ചിരുന്ന ചില പ്രധാന ബഡ്ജറ്റ് നിർദ്ദേശങ്ങൾ. |
| (സി) | യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതുമൂലം ചെലവഴിക്കാൻ കഴിയാത്ത തുക ലാപ്സായിപോയവ ഏതൊക്കെയായിരുന്നു; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ആ വർഷം ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| നിർദ്ദേശങ്ങൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ കഴിയാത്ത തുക |
|---|---|---|---|
| കോഴിക്കോട് പ്രിസം വിദ്യാഭ്യാസ പദ്ധതി, കുട്ടികളുടെ സ്പോർട്ട്സ് പാർക്ക്; | 30 ലക്ഷം രൂപ | | 30 ലക്ഷം രൂപ |
| ഹൗസിംഗ് (പട്ടികജാതി വകുപ്പ്) | 120 കോടി രൂപ | 107 കോടി രൂപ | 13 കോടി രൂപ |
| ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് (പട്ടികജാതി വകുപ്പ്) | 90 കോടി രൂപ | 85.10 കോടി രൂപ | 4.9 കോടി രൂപ |
| ചെറുകിട വ്യവസായ ക്ളസ്റ്റർ വികസന പരിപാടി | 200 ലക്ഷം രൂപ (സംസ്ഥാന വിഹിതം) | 63 ലക്ഷം രൂപ | 137 ലക്ഷം രൂപ |
| ഇൻഷുറൻസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ | 236 ലക്ഷം രൂപ | 180 ലക്ഷം രൂപ | 56 ലക്ഷം രൂപ |
| നെൽകൃഷി പദ്ധതി | 2900 ലക്ഷം രൂപ | 2897.93 ലക്ഷം രൂപ | 2.07 ലക്ഷം രൂപ |
| ഭക്ഷ്യ സുരക്ഷാ പദ്ധതി | 2665 ലക്ഷം രൂപ | 2605.58 ലക്ഷം രൂപ | 59.42 ലക്ഷം രൂപ |
| നാളികേര വികസനം | 2971.76 ലക്ഷം രൂപ | 2855.90 ലക്ഷം രൂപ | 115.86 ലക്ഷം രൂപ |
| നാളികേര വിള ഇൻഷുറൻസ് | 25 ലക്ഷം രൂപ | | 25 ലക്ഷം രൂപ |
| പച്ചക്കറി കൃഷി പദ്ധതി | 307 ലക്ഷം രൂപ | 286.90 ലക്ഷം രൂപ | 20.1 ലക്ഷം രൂപ |

കുരുമുകള് കൃഷിക്ക് നൽകിയ വിഹിതത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല.

വി.എച്ച്.എസ്.സി. ഡയറക്ടറേറ്റിൻെറ നവീകരണത്തിനായി നീക്കിവച്ച തുകയിൽ 222.52 ലക്ഷം രൂപയും പരീക്ഷാ വിഭാഗത്തിലെ കമ്പ്യൂട്ടർ വിഭാഗത്തിൻെറ നവീകരണത്തിനുള്ള തുകയിൽ 16.44 ലക്ഷം രൂപയും അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറിൻെറ ഓൺലൈൻ വിതരണത്തിനായുള്ള തുകയിൽ 35000 രൂപയും ചെലവഴിച്ചിട്ടില്ല.
കാരുണ്യ ഡെപ്പോസിറ്റ് സ്കീമിനായി നീക്കിവച്ച തുകയിൽ 10 ലക്ഷം രൂപയും ശിശുക്ഷേമസമിതിക്കുള്ള സഹായത്തിനായി നീക്കിവച്ച തുകയിൽ 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടില്ല.